# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.520 24-01-2018-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.മഞ്ഞളാംകുഴി അലി

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**സാമ്പത്തികമാന്ദ്യം മൂലമുള്ള ട്രഷറി നിയന്ത്രണം**

| | | |
|---|---|---|
| (എ) | നടപ്പു സാമ്പത്തികവർഷം സാമ്പത്തികമാന്ദ്യം മൂലം എത്ര തവണ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്; അവ ഏതെല്ലാം തിയതികളിലാണെന്ന് വ്യക്തമാക്കുമോ ; | സംസ്ഥാനത്തിന്റെ പ്രതിമാസ വരുമാനം നിശ്ചിതവും എന്നാൽ ചെലവുകൾക്ക് ബഡ്ജറ്റിലൂടെയുള്ളതല്ലാതെ മറ്റ് നിയന്ത്രണങ്ങളൊന്നുമില്ലാത്തതിനാൽ വരവിനനുസരിച്ച് ട്രഷറി മുഖേനയുള്ള ചെലവുകൾ ക്രമപ്പെടുത്തേണ്ടത് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതവും കാലാകാലങ്ങളായി തുടർന്നുപോരുന്ന ഒരു നടപടിക്രമവുമാണ്. ചരക്കുസേവന നികുതി നടപ്പിലാക്കിയതിന്റെ തുടർച്ചയായി ഉടലെടുത്ത ലിക്വിഡിറ്റി പ്രതിസന്ധി തരണം ചെയ്യുന്നതിന് ആവശ്യമായ നിയന്ത്രണങ്ങൾ ട്രഷറി വിനിമയങ്ങളിൽ 2017 നവംബർ-ഡിസംബർ മാസങ്ങളിൽ ഏർപ്പെടുത്തിയിരുന്നു. എന്നാൽ നിലവിൽ പദ്ധതി- പദ്ധതിയേതര ചെലവിനങ്ങളുടെ 5 കോടി രൂപവരെയുള്ള ബിൽ തുകകൾ ട്രഷറിയിൽ നിന്ന് ഗുണഭോക്താക്കൾക്ക് മാറി നൽകുന്നതിന് നിയന്ത്രണങ്ങൾ ഒന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ല. കരാറുകാർക്കുള്ള ബില്ലുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ ഇവയ്ക്ക് യാതൊരുവിധ ട്രഷറി നിയന്ത്രണവും ബാധകമാക്കിയിട്ടില്ല. |
| (ബി) | പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള ബില്ലുകൾ യഥാസമയം മാറി നൽകാനാവാത്ത സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ ; | ബില്ലുകൾ മാറുന്നതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പിൽനിന്നും ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുക അനുവദിച്ചുവരുന്നു. സ്റ്റേറ്റ് സീനിയോറിറ്റി പ്രകാരം 2017 സെപ്തംബർ വരെയുള്ള ബില്ലുകളുടെ വിശദാംശങ്ങൾ/ പ്രൊപ്പോസൽ ധനവകുപ്പിൽ ലഭ്യമായിട്ടുണ്ട്. മെയ് 2017 വരെയുള്ള ബില്ലുകൾക്ക് സ്റ്റേറ്റ് സീനിയോറിറ്റി പ്രകാരം ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്. നിലവിൽ അവശേഷിക്കുന്ന കുടിശ്ശികയും മുൻഗണനാക്രമത്തിൽ തന്നെ അനുവദിക്കുന്നതാണ്.. |
| (സി) | ബില്ലുകൾ യഥാസമയം മാറി നൽകുന്നതിലേക്കായി പൊതുമരാമത്ത് വകുപ്പിൽ നിന്നും ധനകാര്യ വകുപ്പിന് കത്തുകൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇത്തരമൊരു സ്ഥിതിവിശേഷമുണ്ടാകാൻ കാരണം എന്തെന്നാണ് ധനകാര്യ വകുപ്പ് വിലയിരുത്തിയിട്ടുള്ളത് ? | |

സെക്ഷൻ ഓഫീസർ